# കില
## വാർത്താപത്രിക

KILA
Celebrating 25 Years
2014-2015

VOLUME-9
ISSUE-2
FEBRUARY 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




പഞ്ചായത്ത് രാജ് ശാക്തീകരണത്തിൽ നിസ്തുലമായ സംഭാവനകൾ നൽകിയ മന്ത്രി ഡോ.എം.കെ.മുനീറിനും മുൻ കേന്ദ്രമന്ത്രി മണി ശങ്കർ അയ്യർക്കുമുള്ള കോമൺവെൽത്ത് ലോക്കൽ ഗവർമ്മെന്റ് ഫോറത്തിന്റെ രാജ്യാന്തരപുരസ്കാരം ഫോറം സെക്രട്ടറി ജനറൽ **കാൾ റൈറ്റ്** സമ്മാനിക്കുന്നു

# പഞ്ചായത്ത് രാജ് ശാക്തീകരണം: മന്ത്രി മുനീറിനും മണിശങ്കർ അയ്യർക്കും രാജ്യാന്തര പുരസ്കാരം സമ്മാനിച്ചു

**പഞ്ചായത്ത്** രാജ് ശാക്തീകരണത്തിൽ നിസ്തുലമായ സംഭാവനകൾ നൽകിയ മന്ത്രി ഡോ.എം.കെ.മുനീറിനും മുൻ കേന്ദ്രമന്ത്രി മണി ശങ്കർ അയ്യർക്കുമുള്ള കോമൺവെൽത്ത് ലോക്കൽ ഗവർമ്മെന്റ് ഫോറത്തിന്റെ രാജ്യാന്തരപുരസ്കാരം ഫോറം സെക്രട്ടറി ജനറൽ കാൾ റൈറ്റ് ഇരുവർക്കും സമ്മാനിച്ചു. കിലയിൽ സംഘടിപ്പിച്ച ചിന്തകരുടെ ദ്വിദിന അന്താരാഷ്ട്ര ശിൽപ്പശാലയിലാണ് പുരസ്കാരങ്ങൾ നൽകിയത്. ഇതുസംബന്ധിച്ച ചടങ്ങിൽ ഡോ.തോമസ് ഐസക് എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ സ്വാഗതമാശംസിച്ചു.

ഗ്രാമസഭകളുടെ ശാക്തീകരണത്തിലൂടെ വികേന്ദ്രീകൃതപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുകുമെന്ന് ശിൽപ്പശാലയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ച മന്ത്രി ഡോ. എം.കെ.മുനീർ പറഞ്ഞു.ശാക്തീകരണത്തിന്റെ ഭാഗമായിട്ടാണ് തന്റെ നേതൃത്വത്തിൽ ഗ്രാമയാത്രകൾ സംഘടിപ്പിച്ചത്. ഗ്രാമസഭകളുടെ ഭാഗമായിട്ടാണ് വാർഡുതോറുമുള്ള ഗ്രാമകേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചത്. ശാക്തീകരണത്തിന്റെ ഭാഗമായി 26 ലക്ഷം പേർക്കു പരിശീലനം നൽകി.സംസ്ഥന സർക്കാരിന്റെ വികസനഫണ്ടിന്റെ മൂന്നിലൊന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴിയാണ് വിതരണം ചെയ്യുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കോമൺവെൽത്ത് ലോക്കൽ ഗവർമ്മെന്റ് ഫോറം സെക്രട്ടറി ജനറൽ കാൾ റൈറ്റ്, മണി ശങ്കർ അയ്യർ, ശ്രീലങ്കയിൽനിന്നുള്ള ജനക ഹേമതിലക, ലണ്ടൻ സ്കൂൾ ഓഫ് ഇക്ണോമിക്സിലെ പ്രൊഫ.ജീൻ പോൾ ഫോഗറ്റ്, ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം.രാജ് എന്നിവർ സംസാരിച്ചു. തിരുവനന്തപുരം എം.ബി.എസ് യൂത്ത് ക്വയറിന്റെ ദേശഭക്തി ഗാനാലാപനത്തോടെയാണ് രണ്ടാം ദിവസത്തെ പരിപാടികളാരംഭിച്ചത്. ശിൽപ്പശാലയിൽ പങ്കെടുത്തവർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് അവണ്ണൂർ,ചേർപ്പ്, എളവള്ളി, പടിയൂർ, പൂമംഗലം, വല്ലച്ചിറ, കൊണ്ടാഴി, അടാട്ട് ഗ്രാമപഞ്ചായത്തുകൾ സനന്ദർശിച്ചു.



ഓൾ കേരള ഫോർമർ പഞ്ചായത്ത് അസോസിയേഷൻ ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല **എം.പി.വിൻസന്റ് എം.പി** ഉദ്ഘാടനം ചെയ്യുന്നു

# ഫോർമർ പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾക്കു കിലയിൽ പരിശീലനം

**പ്രാ**ദേശികഭരണത്തിൽ അനുഭവസമ്പന്നരായ ജനപ്രതിനിധികൾ എന്ന വിഷയത്തെക്കുറിച്ച് ഓൾ കേരള ഫോർമർ പഞ്ചായത്ത് അസോസിയേഷൻ ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല എം.പി. വിൻസന്റ് എം.എൽ.എ ഉദ്ഘാടനം ചെയ്തു.അസോസിയേഷൻ ജില്ലാപ്രസിഡന്റ് കരീം പന്നിത്തടം അദ്ധ്യക്ഷത വഹിച്ചു.പുതിയ ജനപ്രതിനിധികളെ കില ഡയറക്ടർ ഡോ.പി.പി.ബാലൻ ആദരിച്ചു.അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ.വി. അബ്ദുൾ റഹിമാൻ, സെക്രട്ടറി കെ.സി. സുബ്രഹ്മണ്യൻ, ജില്ലാഭാരവാഹികളായ സി.വി.കുര്യാക്കോസ്, സി. എൻ.ഗോവിന്ദൻകുട്ടി, വി.എസ്.പ്രിൻസ്, ടി.കെ നമ്പീശൻ, വികാസ് ചക്രപാണി, വി.ടി.ആന്റണി, വി.സേതുമാധവൻ, മോളി തോമസ്, പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. കില എക്സ്റ്റഷൻ ഫാക്കൽററി എം.രേണുകുമാർ ക്ലാസ്സെടുത്തു.



പ്രാദേശികഭരണത്തെക്കുറിച്ച് കോളജ് വിദ്യാർത്ഥികൾക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലനം **ഡോ.പീറ്റർ എം.രാജ്** ഉദ്ഘാടനം ചെയ്യുന്നു

# കോളജ് വിദ്യാർത്ഥികൾക്കു പരിശീലനം

**പ്രാ**ദേശികഭരണത്തെക്കുറിച്ച് കോളജ് വിദ്യാർത്ഥികൾക്കു കിലയിൽ ഏകദിന പരിശീലനം നൽകി. തൃശ്ശൂർ വിമല കോളജിലെ സോഷ്യോളജി വിഭാഗത്തിൽനിന്നുള്ള 62 വിദ്യാർത്ഥികളാണ് പരിശീലനത്തിൽ പങ്കെടുത്തത്.ഇതിൽ ഏതാനും പേർ പി.ജി വിദ്യാർത്ഥികളാണ് കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് എം.രേണുകുമാറും പങ്കാളിത്ത ആസൂത്രണത്തെ പറ്റി പി.കെ.ജയദേവനും ഗ്രാമസഭകളെസംബന്ധിച്ച് ഭാസ്കരൻ പള്ളിക്കരയും ക്ലാസ്സെടുത്തു.

# നഗരസഭ ജീവനക്കാർക്കു പരിശീലനം

**ന**ഗരസഭകളിലെ മിനിസ്ററീരിയൽ ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള മൂന്നുദിവസത്തെ പരിശീലനപരിപാടി കിലയിൽ ആരംഭിച്ചു. കൊച്ചിയിലെ നഗരകാര്യ ജോ.ഡയറക്ടർ ശശിധരൻ ആമുഖപ്രഭാഷണം നടത്തി.ഡോ.സണ്ണി ജോർജ് ഉദ്ഘാടനം ചെയ്തു. കോഴ്സ് കോർഡിനേറ്റർ സദനരാജൻ സംസാരിച്ചു. വിവരാവകാശനിയം, സേവനാവകാശനിയമം, പദ്ധതി ആസൂത്രണം, കെട്ടിടനിർമ്മാണ ചട്ടങ്ങൾ, ഐ.കെ.എം സോഫ്റ്റ് വെയർ, വിഭവസമാഹരണം, ക്ഷേമപെൻഷനുകൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് വിദഗ്ദ്ധർ ക്ലാസ്സെടുത്തു. സംസ്ഥാനത്തെ വിവിധ നഗരസഭകളിൽനിന്നുള്ള ജീവനക്കാരാണ് പരിശീലനത്തിൽ പങ്കെടുത്തത്.



അധികാരവികേന്ദ്രീകരണവും വികസനവും എന്ന വിഷയത്തെ ആസ്പദമാക്കി കിലയിൽ സംഘടിപ്പിച്ച ചിന്തകരുടെ ദ്വിദിന അന്താരാഷ്ട്ര ശിൽപ്പശാലയിൽ മുൻ കേന്ദ്രമന്ത്രിയും രാജ്യസഭാംഗവുമായ **മണി ശങ്കർ അയ്യർ** മുഖ്യപ്രഭാഷണം നടത്തുന്നു

# അധികാരം താഴെതട്ടിൽ എത്തിക്കുന്നതിനു മുൻഗണന നൽകണം:മണി ശങ്കർ അയ്യർ

**പഞ്ചായത്ത്രാജ് നിയമം വരുന്നതിനുമുമ്പ് കുറച്ച് ജനപ്രതിനിധികളുള്ള വലിയ ജനാധിപത്യരാജ്യമായിരുന്നു ഇന്ത്യ. എന്നാൽ ഇപ്പോൾ ഇന്ത്യയിർ നാലു ലക്ഷം ജനപ്രതിനിധികളുണ്ട്. ലോകത്തൊട്ടാകെയുള്ള ജനപ്രതിനിധികൾക്കു തുല്യമാണിത്. എന്നാൽ പല സംസ്ഥാനങ്ങളിലും അധികാരവികേന്ദ്രീകരണത്തിനു ഇപ്പോഴും വൈമുഖ്യം പ്രകടിപ്പിക്കുകയാണ്.കേരളത്തിൽ മുന്നണിസർക്കാരുകൾക്കു താൽപര്യമുള്ളതുകൊണ്ടാണ് അധികാരവികേന്ദ്രീകരണം ഇവിടെ വിജയിക്കുന്നത്.**

**അ**ധികാരവികേന്ദ്രീകരണത്തിലല്ല അധികാരം താഴെതട്ടിൽ എത്തിക്കുന്നതിനാണ് പ്രാമുഖ്യം നൽകേണ്ടതെന്ന് മുൻ കേന്ദ്രമന്ത്രിയും രാജ്യസഭാംഗവുമായ മണി ശങ്കർ അയ്യർ പറഞ്ഞു.അധികാരവികേന്ദ്രീകരണവും വികസനവും എന്ന വിഷയത്തെ ആസ്പദമാക്കി കിലയിൽ സംഘടിപ്പിച്ച ചിന്തകരുടെ ദ്വിദിന അന്താരാഷ്ട്ര ശിൽപ്പശാലയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.പഞ്ചായത്ത് രാജ് നിയമം വരുന്നതിനുമുമ്പ് കുറച്ച് ജനപ്രതിനിധികളുള്ള വലിയ ജനാധിപത്യരാജ്യമായിരുന്നു ഇന്ത്യ. എന്നാൽ ഇപ്പോൾ ഇന്ത്യയിൽ നാലു ലക്ഷം ജനപ്രതിനിധികളുണ്ട്. ലോകത്തൊട്ടാകെയുള്ള ജനപ്രതിനിധികൾക്കു തുല്യമാണിത്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുള്ള സംസ്ഥാനങ്ങളിൽ ഈ വിഭാഗത്തിൽ പെട്ട കൂടുതൽ പേർ തെരഞ്ഞെടുക്കപ്പെടാൻ ഇടയായതു പഞ്ചായത്ത് രാജ് നിയമം മൂലമാണ്. പല സംസ്ഥാനങ്ങളിലും ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ പേർ വിജയം വരിച്ചിട്ടുണ്ട്. എന്നാൽ പല സംസ്ഥാനങ്ങളിലും അധികാരവികേന്ദ്രീകരണത്തിനു ഇപ്പോഴും വൈമുഖ്യം പ്രകടിപ്പിക്കുകയാണ്. കേരളത്തിൽ മാറി മാറി വരുന്ന മുന്നണി സർക്കാരുകൾക്കു ഇക്കാര്യത്തിൽ താൽപര്യമുള്ളതുകൊണ്ടാണ് അതിവിടെ വിജയിക്കുന്നത്.

എസ്.എസ് മീനാക്ഷിസുന്ദരം അദ്ധ്യക്ഷത വഹിച്ചു. കേന്ദ്ര പഞ്ചായത്ത് രാജ് വകുപ്പു സെക്രട്ടറി എസ്.എം. വിജയാനന്ദ് വീഡിയോ കോൺഫ്രൻസിലൂടെ സംസാരിച്ചു. ലണ്ടൻ സ്കൂൾ ഓഫ് ഇക്ണോമിക്സിലെ പ്രൊഫ. ജീൻ പോൾ ഫോഗറ്റ്, കേരള ലോക്കൽ ഗവർമ്മെന്റ്സ് സർവീസ് ഡെലിവറി പ്രോജക്ട് ടീം ലീഡർ ഉറി റെയ്ച്ച്, ടി.ആർ.രഘുനന്ദനൻ, ഡോ.പളനിദുരൈ, കില ഡയറക്ടർ ഡോ.പി.പി ബാലൻ, ഡോ.സണ്ണി ജോർജ്, ഡോ.ജെ.ബി. രാജൻ എന്നിവർ സംസാരിച്ചു.

ഇന്ത്യയ്ക്കകത്തുനിന്നും പുറത്തുനിന്നുമായി 200 പ്രതിനിധികൾ ശിൽപ്പശാലയിൽ സംബന്ധിച്ചു.വൈകീട്ട് കലാപരിപാടികളുമുണ്ടായിരുന്നു.



അധികാരവികേന്ദ്രീകരണവും വികസനവും എന്ന വിഷയത്തെ ആസ്പദമാക്കി കിലയിൽ സംഘടിപ്പിച്ച ചിന്തകരുടെ ദ്വിദിന അന്താരാഷ്ട്ര ശിൽപ്പശാലയിൽ എസ്.എസ് മീനാക്ഷിസുന്ദരം അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്നു



# വിവാഹ രജിസ്ട്രേഷൻ : പാലിക്കേണ്ട നിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിനു ചട്ടങ്ങളുണ്ടാക്കിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ പല കോർപ്പറേഷനുകളും നഗരസഭകളും ഗ്രാമപഞ്ചായത്തുകളും വ്യത്യസ്ത രീതികളും നയങ്ങളുമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നതെന്നു പരക്കെ പരാതിയുണ്ട്. അതുകൊണ്ടുതന്നെ ഒട്ടേറെ സംശയങ്ങളും പരാതികളുമാണ് പൊതുജനങ്ങളിൽനിന്നുണ്ടാകുന്നത്.ഈ പരാതികളും സംശയങ്ങളും ദുരീകരിച്ച് സംസ്ഥാനത്തൊട്ടാകെ ഐക്യരൂപം കൈവരിക്കുന്നതിനുവേണ്ടി ചീഫ് രജിസ്ട്രാർ 7.2.2015 ൽ ബി1 5000/2015 നമ്പറായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു നൽകിയ സർക്കുലർ പ്രകാരം കാര്യങ്ങൾ നടത്തിയാൽ ജനങ്ങൾക്കു യാതൊരു പരാതിയും ഉണ്ടാകാനിടയില്ല. ഈ സർക്കുലറിൽ പറയുന്ന കാര്യങ്ങൾ അതേപടി നടപ്പിലാക്കുന്നുണ്ടെന്നു ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണസ്ഥാപന അധികാരികളും ശ്രദ്ധപതിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കഴിഞ്ഞ കാലങ്ങളിൽ ശീലിച്ചുപോന്ന അതേ നടപടികൾതന്നെ തുടർന്നുപോകാനിടയുണ്ട്.



**പൊതുവിവാഹ രജിസ്ട്രേഷൻ**

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ചട്ടങ്ങൾ നിലവിൽ വന്നത് 29.2.2008 ലാണ്. അന്നുമുതൽ എല്ലാവിവാഹങ്ങളും നിർബന്ധമായും വിവാഹം നടന്ന രജിസ്ട്രേഷൻ യൂണിറ്റിൽ വിവാഹം നടന്ന് 45 ദിവസത്തിനകം രജിസ്ററർ ചെയ്യേണ്ടതാണ്. ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പുള്ള വിവാഹങ്ങളും വേണമെങ്കിൽ രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഭാരതത്തിൽ നിലവിലുള്ള നിയമവ്യവസ്ഥയനുസരിച്ചോ മതാചാരപ്രകാരമുള്ളതോ ആയ വിവാഹങ്ങളാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ. വിവാഹ രജിസ്ട്രേഷനായി ചട്ടത്തിൽ പറയുന്ന ഫാറം 1 പ്രകാരമുള്ള മെമ്മോറാണ്ടം പൂരിപ്പിച്ചതും വധൂവരന്മാരുടെ ഫോട്ടോ പതിച്ചതുമായ രണ്ടു പകർപ്പുകൾ നൽകണം. രണ്ടുപേരുടേയും ജനനതീയതി തെളിയിക്കുന്നതിനുള്ള അംഗീകൃത രേഖകളും വിവാഹം നടന്നു എന്നതിനുള്ള തെളിവുകളും ഹാജരാക്കണം. വിവാഹം നടന്നുവെന്നു തെളിയിക്കാൻ മതാചാരപ്രകാരമുള്ള വിവാഹമാണെങ്കിൽ മതാധികരാസ്ഥാനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് നൽകിയാൽ മതി. അതു ലഭ്യമല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ/എം.പി./എം.എൽ.എ/തദ്ദേശസ്വയംഭരണ അംഗം ഫോറം 2 ൽ നൽകുന്ന ഡിക്ലറേഷൻ എന്നിവയിൽ ഏതെങ്കിലും ഒന്നു നൽകിയാൽ മതി. മെമ്മോറാണ്ടത്തിൽ രണ്ടു സാക്ഷികൾ ഒപ്പിട്ടു നൽകണം.സാക്ഷികൾ നേരിട്ടു ഹാജരാകേണ്ടതില്ല. ഇത്രയും കാര്യങ്ങൾ ചെയ്തു മെമ്മോറാണ്ടവും രജിസ്ട്രേഷൻ ഫീസും നേരിട്ടോ തപാൽ മുഖേനയോ ലഭിച്ചവ തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ഡാറ്റാ എൻട്രി നടത്തി മെമ്മോറാണ്ടത്തിന്റെ പ്രിന്റൗട്ട് അപേക്ഷകനു പരിശോധനയ്ക്കു നൽകേണ്ടതും തെററുണ്ടെങ്കിൽ തിരുത്തൽ വരുത്തിയ ശേഷം ഒപ്പിട്ടുവാങ്ങി രജിസ്റ്ററിൽ ചേർത്ത് വധൂവരന്മാരുടെ ഒപ്പു രേഖപ്പെടുത്തേണ്ടതുമാണ്.മെമ്മോറാണ്ടവും രേഖകളും ഓൺലൈനായും സമർപ്പിക്കാവുന്നതാണ്. അപ്പോഴും വധൂവരന്മാർ ഓഫീസിൽ ഹാജരായി രജിസ്റ്ററിൽ ഒപ്പുവയ്ക്കേണ്ടതാണ്. രജിസ്റ്ററിൽ സാക്ഷികൾ ഒപ്പുവയ്ക്കേണ്ടതില്ല.

കഴിയുന്നതും മെമ്മോറാണ്ടം സമർപ്പിക്കുന്ന ദിവസം തന്നെ നടപടികൾ പൂർത്തിയാക്കി രജിസ്ട്രാർ തന്റെ ലോഗനിൽ വിവാഹരജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.ഫോറം 3 ൽ രജിസ്ട്രേഷൻ നമ്പറും തീയതിയും രേഖപ്പെടുത്തി ഒപ്പുവയ്ക്കണം.വിവാഹം രജിസ്ട്രേഷൻ ചെയ്യാൻ പറ്റാത്തതാണെന്നു കാണുന്നപക്ഷം ആ വിവരം സോഫ്റ്റ് വെയറിലും പ്രിന്റൗട്ടിലും രേഖപ്പെടുത്തുകയും രജിസ്ററർ ചെയ്യാതിരിക്കാനുള്ള കാരണം കക്ഷികളെ എത്രയും വേഗം രേഖാമൂലം അറിയിക്കേണ്ടതുമാണ്. വിവാഹം രജിസ്ററർ ചെയ്താൽ വിവാഹസാക്ഷ്യപത്രം കക്ഷികൾക്കു കഴിയുന്നതും അന്നുതന്നെ നൽകുക. അല്ലെങ്കിൽ മൂന്നു പ്രവർത്തിദിവസങ്ങൾക്കുള്ളിൽ നൽകണം. ഭാര്യാഭർത്താക്കന്മാരിൽ ഒരാൾ മരണപ്പെട്ടുപോയെങ്കിൽ ജീവിച്ചിരിക്കുന്ന ആൾ രണ്ടു സാക്ഷികളുടെ ഒപ്പോടുകൂടി മെമ്മോറാണ്ടം സർപ്പിച്ചാൽ പങ്കാളിയുടെ മരണസാക്ഷ്യപത്രം

ഹാജരാക്കുന്നതിനനുസരിച്ച് രജിസ്റ്റർ ചെയതു നൽകാം. രണ്ടാംവിവാഹമാണെങ്കിൽ പങ്കാളിയുടെ ആദ്യവിവാഹം വേർപെടുത്തിയതിന്റെ നിയമാനുസൃത തെളിവ് ഹാജരാക്കണം. മുസ്ലിം സമുദായങ്ങളുടെ വിവാഹമോചനം സംബന്ധിച്ച് മുഹമ്മദൻ നിയമം അനുശാസിക്കുന്ന ഏതെങ്കിലും വിധത്തിലുള്ള തെളിവ് ഹാജരാക്കണം.മൊഴി ചൊല്ലിയതായ ജമാ–അത്തിൽനിന്നുള്ള സാക്ഷ്യപത്രമോ കരാർ രേഖയുടെ പകർപ്പോ കോടതിയിൽനിന്നുള്ള സാക്ഷ്യപത്രമോ കോടതിയിൽനിന്നുള്ള രേഖയോ സ്വീകരിക്കാം. 45 ദിവസം കഴിഞ്ഞാൽ 100 രൂപ പിഴ ഈടാക്കിക്കൊണ്ട്

ഫോറം നമ്പർ 2 ൽ ഒരു ഡിക്ലറേഷൻ വാങ്ങി രജിസ്റ്റർ ചെയ്യാവുന്നതാണ്. അഞ്ചുവർഷം കഴിഞ്ഞുള്ള രജിസ്ട്രേഷനുനു രജിസ്ററർ ജനറലിന്റെ അനുമതി വാങ്ങിയശേഷം 250 രൂപ പിഴ ഈടാക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്. അഞ്ചുവർഷത്തിനുശേഷമാണ് രജിസ്റ്റർ ചെയ്യാൻ വരുന്നതെങ്കിൽ മെൽ പറഞ്ഞ രേഖകൾക്കു പുറമെ ഡിക്ലറേഷനും രജിസ്ട്രാറുടെ അന്വേഷണറിപ്പോർട്ടും സഹിതമാണ് രജിസ്ട്രാർ ജനറലിനു അനുമതിക്കായി സമർപ്പിക്കേണ്ടത്. പൊതു രജിസ്ട്രേഷനു ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച് സർക്കുലറിലെ അനുബന്ധത്തിൽ ചെക്ക്ലിസ്റ്റ് നൽകിയിട്ടുണ്ട്.



**ചെക്ക്ലിസ്റ്റ്:**

എ. നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 2 പകർപ്പുകൾ.

ബി. പാസ്പോർട്ട് സൈസ് ഫോട്ടോകൾ (വധൂവരന്മാരുടെ) ഫോറത്തിൽ പതിക്കാനും രജിസ്റ്ററിൽ ചേർക്കാനും.

സി. ജനനതീയതി തെളിയിക്കുന്നതിനുള്ള രേഖ(ജനന സർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ്/പാസ്പോർട്ട്/ ഡ്രൈവിംഗ് ലൈസൻസ്/ആധാർകാർഡ്/ ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നീ ജനനതീയതി തെളിയിക്കുന്ന ഏതെങ്കിലും രേഖയുടെ പകർപ്പ്.

ഡി. വിവാഹം നടന്നതിന്റെ തെളിവായി മതാധികാരസ്ഥാപനത്തിന്റെ സാക്ഷ്യപത്രം അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ഓഫീസർ,/എം.പി/എം.എൽ.എ/ഗസറ്റഡ് ഓഫീസർ/ തദ്ദേശസ്ഥാപന മെമ്പർ എന്നിവരാരെങ്കിലും സാക്ഷ്യപ്പെടുത്തിയ ഡിക്ലറേഷൻ.

ഇ. രജിസ്ട്രേഷൻ ഫീസ്

ഇത്രയും രേഖകൾ ഹാജരാക്കിയാൽ രജിസ്ട്രേഷൻ നടത്തിക്കൊടുക്കേണ്ടതാണ്.



**ഹിന്ദുവിവാഹ രജിസ്ട്രേഷൻ:**

1955 ലെ ഹിന്ദുവിവാഹ ആക്റ്റ് പ്രകാരം നടന്ന വിവാഹങ്ങൾ 15 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.രേഖകൾ പൊതുവിവാഹത്തിനു നൽകിയതുപോലെയുള്ള രേഖകൾ തന്നെ മതിയാകും.15 ദിവസം കഴിഞ്ഞ് 30 ദിവസം കഴിയുന്നതുവരെ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ പ്രകാരം രജിസ്ട്രാർക്കുതന്നെ രജിസ്റ്റർ ചെയ്തു നൽകാം. 30 ദിവസത്തിനനശേഷം ലഭിക്കുന്ന അപേക്ഷകൾ രജിസ്ട്രാറുടെ റിപ്പോർട്ടുസഹിതം ജില്ലാരജിസ്ട്രാർക്കു അനുമതിക്കായി നൽകേണ്ടതുമാണ്. ഹിന്ദുവിവാഹരജിസ്ട്രേഷനു കോർട്ടഫീ സ്റ്റാമ്പ് പതിപ്പിച്ച അപേക്ഷകളും മെമ്മോറാണ്ടങ്ങളും മാത്രം മതിയാകുന്നതാണ്. ഫീസ് വ്യവസ്ഥ ചെയ്തിട്ടില്ല.

കൂടുതൽ വിവരങ്ങൾക്കു 7.2.2015 ലെ ചീഫ് രജിസ്ട്രാർ/ പഞ്ചായത്ത് ഡയറക്ടറേറ്റ് പുറത്തിറക്കിയ ബി1. 5000/ 2015 സർക്കുലർ വായിക്കുക. തെറ്റിദ്ധാരണാജനകമായി പല സ്ഥാപനങ്ങളിലും വ്യത്യസ്തരേഖകൾ ആവശ്യപ്പെട്ട് പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതുകൊണ്ടാണ് ഇപ്രകാരം ചീഫ് രജിസ്ട്രാർക്കു ഒരു സർക്കുലർ പുറപ്പെടുവിക്കേണ്ടിവന്നത്. താലി കെട്ടുന്ന ഫോട്ടോ, വിവാഹക്ഷണകത്ത്, വിവാഹം നടത്തിയ ഹാളിൽനിന്നുള്ള സാക്ഷ്യപത്രം, മെമ്പറുടെ ശിപാർശ കത്ത് തുടങ്ങിയ അനേകം രേഖകൾ ആവശ്യപ്പെട്ട് അപേക്ഷകരെ വട്ടം കറക്കുന്ന പ്രവണതകൾ ചില ഓഫീസുകളിലെങ്കിലും കണ്ടുവരുന്നുണ്ട്. അവയെല്ലാം അനാവശ്യമായ കീഴ് വഴക്കങ്ങൾ മാത്രമാണെന്നു തിരിച്ചറിയുക.



**7.2.2015 ലെ ചീഫ് രജിസ്റ്റാർ/പഞ്ചായത്ത് ഡയറക്ടറേറ്റ് പുറത്തിറക്കിയ ബി 1. 5000/2015 സർക്കുലർ വായിച്ചാൽ ഇതുസംബന്ധിച്ച് വ്യക്തത വരും. തെറ്റിദ്ധാരണാജനകമായി പല സ്ഥാപനങ്ങളിലും വ്യത്യസ്ത രേഖകൾ ആവശ്യപ്പെട്ട് പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതുകൊണ്ടാണ് ഇപ്രകാരം ചീഫ് രജിസ്ട്രാർക്കു ഒരു സർക്കുലർ പുറപ്പെടുവിക്കേണ്ടി വന്നത്. താലി കെട്ടുന്ന ഫോട്ടോ, വിവാഹക്ഷണ കത്ത്, വിവാഹം നടത്തിയ ഹാളിൽനിന്നുള്ള സാക്ഷ്യപത്രം, മെമ്പറുടെ ശിപാർശ കത്ത് തുടങ്ങിയ അനേകം രേഖകൾ ആവശ്യപ്പെട്ട് അപേക്ഷകരെ വട്ടം കറക്കുന്ന പ്രവണതകൾ ചില ഓഫീസുകളിലെങ്കിലും കണ്ടുവരുന്നുണ്ട്. അവയെല്ലാം അനാവശ്യമായ കീഴ് വഴക്കങ്ങൾ മാത്രമാണെന്നു തിരിച്ചറിയുക.**



## ചോദിക്കൂ പറയാം

? അയൽസഭയേയും വാർഡ് വികസനസമിതിയേയും കുറിച്ച് ഒന്നു വിശദീകരിക്കാമോ?

● ഗ്രാമസഭയുടെ/വാർഡുസഭയുടെ ഒരു ഉപഘടകമാണ് അയൽസഭ. വാർഡിലുള്ള മുഴുവൻ വീടുകളും അതിലെ അംഗങ്ങളും ഉൾപ്പടുന്നതും 50 നും 100 നും മദ്ധ്യേയുള്ള അടുത്തടുത്ത വീടുകൾ ചേർത്ത് ഒരു അതിർത്തി നിശ്ചയിച്ച് രൂപീകരിക്കുന്നതാണ് അയൽസഭ. ഇപ്രകാരം ഒരു വാർഡിൽ എത്ര വീടുകളുണ്ടോ അത്രയും വീടുകളെ ഉൾപ്പെടുത്തി 50 നും 100 നുമിടയിലുള്ള വീടുകൾ ചേർത്ത അയൽസഭകൾ രൂപീകരിക്കാം. അയൽസഭാ പ്രദേശത്തെ വികസനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ആ പ്രദേശത്തിന്റെ പുരോഗതിക്കാവശ്യമായ ചർച്ചകളും തീരുമാനങ്ങളും എടുക്കുന്ന പൗരഭരണത്തിന്റെ അടിസ്ഥാന ഘടകമായിരിക്കും അയൽസഭകൾ. ഓരോ അയൽസഭകൾ വിളിച്ചുചേർക്കാനും ചർച്ചകൾ നടത്താനും തീരുമാനങ്ങൾ എടുക്കുവാനും 11 പേരടങ്ങുന്ന ഒരു നിർവാഹകസമിതിയെ തെരഞ്ഞെടുക്കണം. 11 പേരിൽ ആറുപേർ സ്ത്രീകളും അഞ്ചുപേർ പുരുഷന്മാരുമായിരിക്കും. അതിൽ ഒരു ചെയർമാനും ഒരു കൺവീനറുമുണ്ടായിരിക്കണം. ഇവരിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയുമായിരിക്കും. വോട്ടർ പട്ടികയിൽ പേരുള്ള ആ പ്രദേശത്തെ എല്ലാവരും അയൽസഭയിൽ അംഗങ്ങളിരിക്കും. മൂന്നുമാസത്തിൽ ഒരിക്കൽ അയൽസഭ യോഗം ചേരണം.

വാർഡ് വികസനസമിതിയിൽ 25 പേർ ഉണ്ടായിരിക്കണം. അയൽസഭയിൽനിന്നു നോമിനേററു ചെയ്തുവരുന്നവരെ കൂടാതെ ഗ്രാമസഭയിൽനിന്നോ വാർഡുസഭയിൽനിന്നോ ജനപ്രതിനിധി നോമിനേറ്റു ചെയ്തുവരുന്ന അംഗങ്ങൾ ചേർന്ന 25 പേരാണ് വാർഡ് വികസനസമിതി. ഇതിൽ അയൽസഭയിൽനിന്നു നോമിനേറ്റു ചെയ്തുവരുന്ന ഒരു സ്ത്രീയും പുരുഷനും പൊതുസമ്മതരും വാർഡുനിവാസികളുമായ മൂന്നു സ്ത്രീകളും മൂന്നു പുരുഷന്മാരും പട്ടികജാതി- പട്ടികവർഗ്ഗ പ്രതിനിധി, പരമ്പരാഗത മത്സ്യതൊഴിലാളി വിഭാഗത്തിൽനിന്നുള്ള പ്രതിനിധി, കർഷകൻ, അധ്യാപകൻ,ഡോക്ടർ, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ, സാങ്കേതികവിദഗ്ദ്ധർ തുടങ്ങിയ വിവിധമേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ച വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിക്കുന്നതാണ് വാർഡ് വികസനസമിതി. വാർഡ് വികസനസമിതിയുടെ ചെയർമാൻ വാർഡുമെമ്പറും കൺവീനർ വികസനസമിതിയിൽനിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട ഒരാളുമായിരിക്കും.

അയൽസഭ തീരുമാനങ്ങൾ ക്രോഡീകരിച്ച് കമ്മ്യൂണിറ്റി പ്ലാൻ തയ്യാറാക്കുക, വാർഡിലെ ആവശ്യങ്ങൾ പഠിച്ച് തദ്ദേശസ്ഥാപനത്തിനു റിപ്പോർട്ടു നൽകുക, ഗുണഭോക്താക്കളുടെ മുൻഗണനാപട്ടിക തയ്യാറാക്കുക. വാർഡ് സഭ/ഗ്രാമസഭ വിളിച്ചുചേർക്കുന്നതിനു സഹായിക്കുക, ഗ്രാമകേന്ദ്രം പ്രവർത്തിപ്പിക്കുക, മുതലായവയാണ് വാർഡുസമിതിയുടെ ചുമതലകൾ. വാർഡ് വികസനസമിതി ഓരോ മാസവും യോഗം ചേരണം. കൂടുതൽ വിവരങ്ങൾക്കു സ.ഉ.(എം.എസ്)112/2014 തീയതി.25.6.2014 തസ്വഭവ.കാണുക.

? പട്ടികജാതി വിഭാഗം ഫണ്ടിന്റെ പത്തുശതമാനം തുക യുവജനക്ഷേമത്തിനു നീക്കിവയ്ക്കണമെന്നു പറയുന്നു. എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കു സൈക്കിൾ, പ്രൊഫഷണനൽ കോളജ് വിദ്യാർത്ഥികൾക്കു ലാപ്ടോപ് എന്നിവ ഈ പത്തുശതമാനത്തിൽ പെടുത്താമോ?

● പത്തുശതമാനം തുക യുവജനക്ഷേമത്തിനാണ് നീക്കിവയ്ക്കണമെന്ന് പറഞ്ഞിട്ടുള്ളത്. യുവാക്കളുടെ തൊഴിൽപരമോ സാമ്പത്തികമോ ആയ വികസനത്തിനു ഉതകുന്ന പദ്ധതികൾക്കാണ് മുൻഗണന നൽകേണ്ടത്. വിദ്യാർത്ഥികൾക്കു നൽകുന്ന സഹായം യുവജനക്ഷേമത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നതല്ല.

## ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097

**വാർഡിലുള്ള മുഴുവൻ വീടുകളും അതിലെ അംഗങ്ങളും ഉൾപ്പടുന്നതും 50 നും 100 നും മദ്ധ്യേയുള്ള അടുത്തടുത്ത വീടുകൾ ചേർത്ത് ഒരു അതിർത്തി നിശ്ചയിച്ച് രൂപീകരിക്കുന്നതാണ് അയൽസഭ. ഓരോ അയൽസഭകൾ വിളിച്ചുചേർക്കാനും ചർച്ചകൾ നടത്താനും തീരുമാനങ്ങൾ എടുക്കുവാനും 11 പേരടങ്ങുന്ന ഒരു നിർവാഹകസമിതിയെ തെരഞ്ഞെടുക്കണം.11 പേരിൽ ആറുപേർ സ്ത്രീകളും അഞ്ചുപേർ പുരുഷന്മാരുമായിരിക്കും. അതിൽ ഒരു ചെയർമാനും ഒരു കൺവീനറുമുണ്ടായിരിക്കണം. ഇവരിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയുമായിരിക്കും. വോട്ടർപട്ടികയിൽ പേരുള്ള ആ പ്രദേശത്തെ എല്ലാവരും അയൽസഭയിൽ അംഗങ്ങളിരിക്കും. മൂന്നുമാസത്തിൽ ഒരിക്കൽ അയൽസഭ യോഗം ചേരണം.**

? പൾസ് പോളിയോ ഇമ്മ്യുണൈസേഷൻ പദ്ധതിക്കു ഗ്രാമപഞ്ചായത്തിൽനിന്നു എന്തെങ്കിലും സഹായം നൽകാൻ കഴിയുമോ?

● പൾസ് പോളിയോ ഇമ്മ്യുണൈസേഷൻ പദ്ധതിക്കു ഗ്രാമപഞ്ചായത്തിൽനിന്നു സഹായം നൽകാൻ യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്കു പരമാവധി 10,000/-രൂപയും നഗരസഭകൾക്കു 15,000/- രൂപയും കോർപ്പറേഷനുകൾക്കു 25,000/- രൂപയും അവരുടെ തനതു ഫണ്ടിൽനിന്ന് ചെലവഴിക്കാൻ യഥേഷ്ടാനുമതിയാണ് നൽകിയിട്ടുള്ളത്. (സ.ഉ.(സാധാ) 32/2016 തസ്വഭവ. തീയതി.5.1.2016)

? പഞ്ചായത്തു യോഗത്തിൽ പൊതുജനങ്ങൾക്കു പ്രവേശനം അനുവദിക്കാമോ?

● പഞ്ചായത്തിന്റെ യോഗത്തിൽ പൊതുജനങ്ങൾക്കും പത്രലേഖകർക്കും സന്ദർശകരായി പ്രവേശനം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പ്രവേശനം പ്രസിഡന്റോ വൈസ് പ്രസിഡന്റോ അദ്ധ്യക്ഷത വഹിക്കുന്ന ആളോ നിയന്ത്രിക്കേണ്ടതാണ്. പഞ്ചായത്തിന്റെ യോഗത്തിൽ മിനുട്സിൽ രേഖപ്പെടുത്താവുന്ന കാര്യങ്ങളാൽ പൊതുജനത്തെ മുഴുവനായോ, ഏതെങ്കിലും വ്യക്തിയേയോ വ്യക്തികളേയോ പ്രത്യേകമായോ യോഗത്തിൽനിന്നു മാറിനിൽക്കുവാനോ മാറ്റിനിർത്തുവാനോ അദ്ധ്യക്ഷനു നിർദ്ദേശിക്കാവുന്നതാണ്. (കേരള പഞ്ചായത്ത് രാജ് യോഗ നടപടിക്രമം ചട്ടങ്ങൾ 1995-സെക്ഷൻ 8 )

? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കു മത്സരിച്ചു വിജയിച്ച അങ്കണവാടി വർക്കർ/ഹെൽപ്പർ എന്നിവർക്കു പ്രത്യേക അവധി അനുവദിച്ചിട്ടുണ്ടോ?

● തദ്ദേശസ്വയംഭരണതെരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയിച്ച അങ്കണവാടി ഹെൽപ്പർ/വർക്കർ എന്നിവർക്കു ഭരണസമിതി യോഗത്തിൽ പങ്കെടുക്കാൻ ഒരു വർഷത്തിൽ പരമാവധി 15 ദിവസത്തെ സ്പെഷൻ ക്വാഷൽലീവ് അനുവദിച്ചിട്ടുണ്ട്.പ്രസിഡന്റുസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടവർ കാലാവധി അവസാനിക്കുന്നതുവരെ ഓണറേറിയമില്ലാത്ത അവധി എടുത്തിരിക്കണം.(ഉത്തരവ് നമ്പർ. സ.ഉ.(എം.എസ്) 81/2015.സാ.നീ.വ. തീയതി.30.1215)



ഗ്രാമസ്വരാജ് ഇന്നും നാളേയും എന്ന വിഷയത്തെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച സെമിനാറിൽ മദ്ധ്യപ്രദേശ് മുൻ ചീഫ് സെക്രട്ടറിയും പ്രമുഖ സാമൂഹ്യപ്രവർത്തകനുമായ **ശരത്ചന്ദ്ര ബാഹർ** മുഖ്യപ്രഭാഷണം നടത്തുന്നു

# അധികാരവികേന്ദ്രീകരണം ഗ്രാമസ്വരാജ് സങ്കൽപത്തിൽനിന്ന് വ്യത്യസ്തമെന്ന് ശരത്ചന്ദ്ര ബാഹർ

ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് സങ്കൽപ്പത്തിൽനിന്ന് വളരെ വ്യത്യസ്തമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന അധികാരവികേന്ദ്രീകരണമെന്നു മദ്ധ്യപ്രദേശ് മുൻ ചീഫ് സെക്രട്ടറിയും പ്രമുഖ സാമൂഹ്യപ്രവർത്തകനും അസിം പ്രേംജി സർവകലാശാലയുടെ ഉപദേഷ്ടാവുമായ ശരത്ചന്ദ്ര ബാഹർ പറഞ്ഞു. ഗ്രാമസ്വരാജ് ഇന്നും നാളേയും എന്ന വിഷയത്തെക്കുറിച്ച് കിലയിൽ സംഘടിപ്പിച്ച സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേന്ദ്രീകൃത ഭരണസംവിധാനത്തിന്റെ കൈവശമുള്ള അധികാരത്തിൽനിന്ന് ചെറിയ തോതിൽ മാത്രമേ അധികാരം താഴോട്ടു നൽകിയിട്ടുള്ളു. പൗരർക്കും ഗ്രാമത്തിനും ഭാവി ഭാഗധേയം നിർണയിക്കാനുള്ള പൂർണ അധികാരത്തിലും സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമാണ് ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ്. ഭാരതത്തിൽ നിലവിലുള്ള പാർലമെന്ററി ഭരണസംവിധാനം കേന്ദ്രീകൃത സ്വഭാവമുള്ളതും ഗ്രാമസ്വരാജ് ആശയങ്ങളോടു പൊരുത്തപ്പെടാത്തതുമാണ്.സ്വയംഭരണ,സ്വശ്രയ, സ്വയനിർണയാവകാശ ഗ്രാമവും സമൂഹവുമെന്ന ഗാന്ധിയൻ സങ്കൽപം പ്രാവർത്തികമാക്കുന്നതിനു ഭരണഘടന സമഗ്രമായി ഭേദഗതി ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഗ്രാമങ്ങൾക്കു കൂടുതൽ അധികാരങ്ങൾ നൽകി ജനാധിപത്യത്തിന്റെ വ്യാപനത്തിലൂടെ മാത്രമേ ഗ്രാമസ്വരാജ് പ്രാവർത്തികമാക്കാനാകൂവെന്ന് സെമിനാറിൽ വിഷയാവതരണം നടത്തിയ ഏക്താ പരിഷത്ത് പ്രസിഡന്റ് ഡോ.പി.വി.രാജഗോപാൽ ചൂണ്ടിക്കാട്ടി.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ സംസാരിച്ചു. ജനപ്രതിനിധികളും സാമൂഹ്യപ്രവർത്തകരുമാണ് സെമിനാറിൽ പങ്കെടുത്തത്.



തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർമാർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിനപരിശീലനം

# കോർപ്പറേഷൻ കൗൺസിലർമാർക്കു കിലയിൽ പരിശീലനം

**തൃ**ശ്ശൂർ കോർപ്പറേഷനിക്കേ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്കു കിലയിൽ ഏകദിനപരിശീലനം സംഘടിപ്പിച്ചു. പരിശീലനത്തിന്റെ ചുമതലയുള്ള കോഴ്സ ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. പൊതുഭരണം, സദ്ഭരണം, പ്രാദേശികാസൂത്രണം, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്, സ്ഥാപനങ്ങളും സേവനങ്ങളും,അയൽസഭ രൂപീകരണം, സകർമ സോഫ്റ്റ് വെയർ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചായിരുന്നു പരിശീലനം. കില എക്സ്റ്റഷൻ ഫാക്കൽറ്റികളായ സി. രാധാകൃഷ്ണൻ, ടി. രാധാകൃഷ്ണൻ, കോർഡിനേറ്റർ സി.കെ.സാജിറ എന്നിവർ നേതൃത്വം നൽകി.കോഴിക്കോട് കോർപ്പറേഷനിലെ കൗൺസിലർമാർക്കു നടത്തിയ പരിശീലനപരിപാടിയിൽ മേയർ വി.കെ.സി മമ്മദ്കോയയും ഡെപ്യൂട്ടി മേയർ മീരദർശകുമുൾപ്പെടെ 55 പേർ പങ്കെടുത്തു.



ജലസംരക്ഷണവുമായി ബന്ധപ്പെട്ട വികേന്ദ്രീകൃതാസൂത്രണപദ്ധതികൾ പഠിക്കാനെത്തിയ രാജസ്ഥാനിലെ ഗ്രാമപഞ്ചായത്ത്-ഗ്രാമവികസനവകുപ്പുമന്ത്രി സുരേന്ദ്രകുമാർ ഗോയലും സംഘവും തിരുവനന്തപുരത്ത് സംസ്ഥാന പഞ്ചായത്ത് സമാമുഹ്യക്ഷേമവകുപ്പുമന്ത്രി ഡോ.എം.കെ.മുനീറിനോടൊപ്പം

# ജലസംരക്ഷണപദ്ധതികൾ പഠിക്കാൻ രാജസ്ഥാൻ സംഘം കിലയിലെത്തി

**കേ**രളത്തിലെ ജനസംരക്ഷണവുമായി ബന്ധപ്പെട്ട വികേന്ദ്രീകൃതാസൂത്രണപദ്ധതികൾ പഠിക്കുന്നതിനു രാജസ്ഥാനിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന പതിമൂന്നംഗസംഘം കിലയിലെത്തി. വർഷത്തിൽ 50 മുതൽ 80 സെന്റിമീറ്റർ വരെ മാത്രം മഴ ലഭിക്കുന്ന രാജസ്ഥാനിൽ ജലസംരക്ഷണം പ്രധാനപ്പെട്ട ഒന്നാണ്. യൂറോപ്യൻ യൂണിയന്റെ സാമ്പത്തികസഹായത്തോടെ ബൃഹത്തായ ജലസംരക്ഷണപദ്ധതിയാണ് രാജസ്ഥാൻ രൂപം നൽകിയിട്ടുള്ളത്. ഓരോ ഗ്രാമപഞ്ചായത്തിലും ജലസംരക്ഷണവുമായി ബന്ധപ്പെട്ട വികേന്ദ്രീകൃത പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജില്ലാപരിഷത്ത് പ്രസിഡന്റ്, മുന്ന് പഞ്ചായത്ത് സമിതി പ്രസിഡന്റുമാർ (ബ്ലോക്ക് പഞ്ചായത്ത്), നാലു ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരടങ്ങുന്ന പ്രതിനിധിസംഘത്തിൽ നാലുപേർ വനിതകളാണ്. വികേന്ദ്രീകൃതാസൂത്രണത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമെന്ന നിലയിലാണ് പ്രതിനിധിസംഘത്തെ രാജസ്ഥാൻ സർക്കാർ കേരളത്തിലേക്കയച്ചത്. ഒരാഴ്ച്ചത്തെ സന്ദർശനത്തിനു കിലയിലെത്തിയ സംഘത്തെ കില ഡയറക്ടറും സംഘവും ചേർന്ന് സ്വീകരിച്ചു. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ച് ഡോ.പീറ്റർ എം.രാജും ധനവികേന്ദ്രീകരണത്തെപ്പറ്റി ഡോ.സണ്ണിജോർജും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളെസംബന്ധിച്ച് പ്രൊഫ. ടി.രാഘവനും പങ്കാളിത്ത ആസൂത്രണത്തെക്കുറിച്ച് ഡോ. ജെ.ബി.രാജനും നീർത്തടാഷ്ഠിതപദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് ഡോ.വി.ബിന്ദുവും ക്ലാസ്സെടുത്തു. കില അസി.ഡയറക്ടർ കെ.ബാബു,എക്സ്റ്റഷൻ ഫാക്കൽറ്റി പി. വി. രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.

വിശദമായ ചർച്ചകൾക്കു നേതൃത്വം നൽകാൻ തിരുവനന്തപുരത്തെത്തിയ രാജസ്ഥാൻ ഗ്രാമപഞ്ചായത്ത്-ഗ്രാമവികസനവകുപ്പുമന്ത്രി സുരേന്ദ്രകുമാർ ഗോയൽ സംസ്ഥാന സാമൂഹ്യക്ഷേമവുകുപ്പുമന്ത്രി ഡോ.എം.കെ.മുനീറുമായി വിശദമായി ചർച്ചകൾ നടത്തി.



ജലസംരക്ഷണവുമായി ബന്ധപ്പെട്ട വികേന്ദ്രീകൃതാസൂത്രണപദ്ധതികൾ പഠിക്കാൻ കിലയിലെത്തിയ രാജസ്ഥാനിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും



KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)